## (1). ആനന്ദപ്പള്ളി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1930-ൽ സ്ഥാപിതമായ തട്ട ലൂർദ്ദ്ഗിരി ദേവാലയിൽ കൂടി നടന്നു ശുശ്രൂഷയിൽ പങ്കെടുത്തിരുന്ന വിശ്വാസികളുടെ ആഗ്രഹം എന്നവണ്ണം 1956-ൽ വന്ദ്യ ആന്റണി കേളംപറമ്പിലച്ചന്റെ അധ്വാനത്തിന്റെ ഫലമായി ആനന്ദപ്പള്ളി സെന്റ് മേരീസ് ദേവാലയം രൂപം കൊണ്ടു.

തട്ട ദേവാലയിൽ കൂടി നടന്നിരുന്ന 8 കുടുംബങ്ങളെ തന്നോട് ചേർത്തുനിർത്തി ഒരു കൊച്ചു ഷെഡ് നിർമ്മിക്കുകയും ശുശ്രൂഷകൾ നടത്തി വരികയും ചെയ്തു. ഈ കുടുംബങ്ങൾക്ക് പിന്തുണ നൽകുന്നതിനും ആത്മീയ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും തട്ട ഇടവകാംഗങ്ങൾ നൽകിയ സേവനം എടുത്തു പറയത്തക്കതാണ്.

ഇടവക ജനങ്ങളുടെ അംഗബലവും സാമ്പത്തിക അടിത്തറയും ഉയർന്നതനുസരിച്ച് ഒരു മനോഹരമായ ദേവാലയം ഉയർന്നുവന്നു. അതിനായി അക്ഷീണം പ്രവർത്തിച്ച വന്ദ്യ ആന്റണി കേളംപറമ്പിലച്ചനെ ഓർക്കുന്നത് ഏറെ വികാരനിർഭരമായാണ്. അന്നത്തെ കാലത്ത് അജപാലന ശുശ്രൂഷ നിർവ്വഹിക്കുവാനും ഇന്നത്തെ ഇടവക സമൂഹത്തെ വളർത്തിയെടുക്കുവാനും അദ്ദേഹം സഹിച്ച ത്യാഗത്തെ നന്ദിയോടെ ഓർക്കുന്നതിനോടൊപ്പം ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

ആ ദേവാലയം 2018 ആയപ്പോഴേക്കും ഇടവകാംഗങ്ങളുടെയും കുടുംബങ്ങളുടെയും എണ്ണത്തിൽ വർദ്ധനവ് വന്നതനുസരിച്ച് പുനർനിർമ്മിക്കാൻ തീരുമാനിക്കുകയും 2018 ഏപ്രിൽ 21ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ പുതിയ ദേവാലയത്തിനു ശിലാസ്ഥാപനം നടത്തുകയും ഇടവക വികാരി ഫാ. മാത്യു പേഴുംക്കൂട്ടത്തിലച്ചന്റെ നേതൃത്വിൽ ദേവാലയ നിർമ്മാണം ദ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു.

ആനന്ദപ്പള്ളി സെന്റ് മേരീസ് ദേവാലയത്തിനെ നാളിതുവരെ പുരോഗതിയിലേക്ക് നയിച്ച വന്ദ്യ വൈദികരുടെ നാമം അനുസ്മരിക്കട്ടെ.

1. ഫാ. ആന്റണി കേളംപറമ്പിൽ
2. ഫാ. മാത്യു തേക്കുംകാട്ടിൽ
3. ഫാ. സാമുവേൽ തുണ്ടിയിൽ
4. ഫാ. ജോർജ് ജോൺ
5. ഫാ. ജോഷ്വാ താഴത്തേതിൽ
6. ഫാ. ഗീവർഗീസ് ചരുവിളയിൽ
7. ഫാ. ചെറിയാൻ മായിക്കൽ
8. ഫാ. ജോൺ പുൻവിളയിൽ
9. ഫാ. അലക്സാണ്ടർ പനംങ്കുന്നിൽ
10. ഫാ. കോശി ജോർജ് ചിറയത്ത്
11. ഫാ. ചാക്കോ തടത്തിൽ
12. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ
13. ഫാ. മാത്യു കയ്യാലക്കൽ
14. ഫാ. ജോസഫ് ചാവടിമുരുപ്പേൽ

15. ഫാ. ഡാനിയേൽ വടക്കേക്കര കോർ എപ്പിസ്കോപ്പ

16. ഫാ. മാത്യു പുൻപുരയ്ക്കൽ

17. ഫാ. ജോർജ് പുൻവിളയിൽ

18. ഫാ. മാത്യു പേഴുംകൂട്ടത്തിൽ

പരിശുദ്ധ ദൈവ മാതാവിന്റെ മദ്ധ്യസ്ഥതയിൽ രൂപീകൃതമായ ഈ ദേവാലയം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം എന്നറിയപ്പെടുന്നു. 95 കുടുംബങ്ങൾ ഉൾപ്പെടുന്ന ഈ ദേവാലയം ജാതി മത ഭേദമെന്യ ആനന്ദപ്പള്ളി പ്രദേശവാസികൾ നെഞ്ചോട് ചേർത്തു നിർത്തുകയും പരിശുദ്ധ ദൈവ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു.

മലങ്കര കത്തോലിക്കാ സഭയാകുന്ന മുന്തിരി തോട്ടത്തിലേക്ക് സേവനം ചെയ്യുവാൻ ദൈവിന്റെ വിളിക്ക് ഉത്തരം നൽകി ഈ ദേവാലയിൽ നിന്നും ദൈവവിളി ലഭിച്ചവർ

1. ഫാ. ജോൺ വിയാനി ഒ.ഐ.സി.

2. ഫാ. മാത്യു ആലുംമൂട്ടിൽ

3. ഫാ. ജോസഫ് സ്റ്റീഫൻ ഓലിക്കൽ

4. സി. റാണി സ്റ്റീഫൻ ഡി.എം.

5. സി. മെർലിൻ മേപ്പുറത്ത് എസ്.വി.സി.

6. ബ്രദർ കുര്യൻ തോണുവേലിൽ

7. ബ്രദർ സാമുവേൽ തോണുവേലിൽ